# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസ്,തിരുവനന്തപുരം**

**CT. /25/TDB/VIG** 29/ 11/ 2025

## പത്രക്കുറിപ്പ്

**സംസ്ഥാനത്തെ എല്ലാ എഡിഷനുകളിലേയ്ക്കും**

**ശബരിമലയിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി ജോലിനോക്കാൻ വിമുക്തഭടൻമാർക്കും, കേന്ദ്ര – സംസ്ഥാന സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം**

ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ക്ഷേത്രങ്ങളിൽ കൊല്ലവർഷം 1201–ാം മാണ്ടിലെ മണ്ഡലം–മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി സേവനം അനുഷ്ഠിക്കാൻ വിമുക്തഭടൻമാർക്കും, സംസ്ഥാന പോലീസ്, എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് തുടങ്ങിയ സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം

മേൽപ്പറഞ്ഞ സേനകളിൽ കുറഞ്ഞത് 5 വർഷം ജോലിനോക്കിയിട്ടുള്ളവരും (കൊല്ലവർഷം 1201 മകരം.07) 2026 ജനുവരി 20 ന് 67 വയസ് കഴിയാത്തവരും മികച്ച ശാരീരിക ശേഷി ഉള്ളവരുമായ ഹിന്ദു മത വിഭാഗത്തിൽപ്പെട്ട പുരുഷൻമാർക്കാണ് അവസരം ലഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് **പ്രതിദിനം 900/-** രൂപ വേതനം നൽകുന്നതാണ്. താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്. താൽപ്പര്യമുള്ളവർക്ക് www.travancoredevaswomboard.org എന്ന ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും അപേക്ഷാഫാറം, അഭിമുഖ സമയത്ത് ഹാജരാക്കേണ്ട രേഖകൾ എന്നിവ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത് എടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച് **"ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം – 695003"** എന്ന വിലാസത്തിലോ sptdbvig@gmail.com എന്ന മെയിൽ അഡ്രസ്സിലോ അയക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നവർ നേരിട്ട് അപേക്ഷ അയക്കേണ്ടതില്ല.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **25.12.2025.** ഇതിലേയ്ക്കുള്ള അഭിമുഖം **30.12.2025** തീയതി രാവിലെ 10.00 മണിമുതൽ തിരുവനന്തപുരം ദേവസ്വം ബോർഡ് ചീഫ് വിജിലൻസ് ആഫീസിലും വച്ച് നടക്കുന്നതായിരിക്കും. മുൻപ് അപേക്ഷ സമർപ്പിച്ച് ഇൻറർവ്യൂവിൽ പങ്കെടുത്തവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസുമായി **9605513983, 9497964855** എന്നീ നമ്പരുകളിൽ ആഫീസ് സമയം ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

Sd/-

**സുനിൽകുമാർ.വി IPS**

**സൂപ്രണ്ട് ഓഫ് പോലീസ്**